II. അടിയന്തിര പ്രമേയം

ആലപ്പുഴ–അവലൂക്കുന്ന് വാർഡിൽ ഹരിജന സ്ത്രീകളുടെ മേലുണ്ടായ ആക്രമണം

മി. സ്പീക്കർ: ആലപ്പുഴ പട്ടണത്തിലെ അവലൂക്കുന്ന് വാർഡിൽ ഹരിജൻ സ്ത്രീകളെ ബലാൽസംഗം ചെയ്യുകയും വീട് ചുട്ടെരിക്കു
9 A.M.] കയും ചെയ്തതിനെത്തുടർന്ന് അവിടെ നിലവിലുള്ളതായി പറയപ്പെടുന്ന ഗുരുതരാവസ്ഥയെപ്പറ്റി ചർച്ചചെയ്യാൻ ഇന്നത്തെ സഭാ നടപടികൾ നിർത്തിവയ്ക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ശ്രീ. ടി. കെ. രാമകൃഷ്ണൻ റൂൾ 50 അനുസരിച്ച് ഒരു നോട്ടീസ് നൽകിയിട്ടുണ്ട്.

ആഭ്യന്തരവകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, സരള, കൊച്ചുപെണ്ണ് എന്നീ യുവതികളെ ബലാൽസംഗംചെയ്തു എന്നു പറയപ്പെടുന്ന സംഭവം 11 മാസങ്ങൾക്കുമുമ്പാണ് നടന്നത്. അതിനെപ്പറ്റി പോലീസിന് യാതൊരു പരാതിയും അന്ന് ലഭിച്ചിരുന്നില്ല. ഈ സംഭവത്തെപ്പറ്റി പത്രത്തിൽ വന്ന റിപ്പോർട്ട് കണ്ടുകൊണ്ട് അന്വേഷിച്ചു. ആലപ്പുഴ ഡി. വൈ. എസ്. പി. അവലൂക്കുന്ന് കോളനിയിൽ 2-4-1979-ൽ ചെന്ന സമയത്താണ് ഇത്തരത്തിലുള്ള ഒരു ആരോപണം പോലീസിന് ലഭിച്ചത്. കൊച്ചുപെണ്ണിന്റെ മൊഴി രേഖപ്പെടുത്തി ആലപ്പുഴ നോർത്ത് പോലീസ് സ്റ്റേഷനിൽ ക്രൈം 120/79 Under section 451, 376, 34 I. P. C. ആയി പ്രകാശൻ, ഫിലിപ്പ്, ചന്ദ്രൻ, തങ്കച്ചൻ എന്നിവരുടെ പേരിൽ കേസെടുത്ത് അന്വേഷണം ആരംഭിച്ചു. പ്രതികളിൽ ചന്ദ്രനെ അറസ്റ്റുചെയ്തിട്ടുണ്ട്. 2-3-1979-ൽ രാത്രി മുകളിൽ പറഞ്ഞ ഫിലിപ്പും ചന്ദ്രനും പ്രകാശനും മദ്യപിച്ച് അവലൂക്കുന്ന് കോളനിയിൽ പാർക്കുന്ന പാപ്പി എന്ന സ്ത്രീയുടെ വീട്ടിൽ അതിക്രമിച്ച് കയറി അവരുടെ മകൾ പത്മിനിയെ അവരുടെ ഇംഗിതത്തിനുവിട്ടുകൊടുക്കണമെന്ന് ആവശ്യപ്പെട്ടു. സമീപവാസികൾ ബഹളംകൂട്ടിയപ്പോൾ അക്രമികൾ സ്ഥലംവിട്ടു. പത്മിനിയെ മാനഭംഗപ്പെടുത്തുകയോ ബലാൽസംഗം ചെയ്യുകയോ ചെയ്തിട്ടില്ല. സർ, ഈ സംഭവത്തെപ്പറ്റി അന്ന് ഒന്നും പോലീസിൽ പരാതിപ്പെട്ടിരുന്നില്ല. ഈ സംഭവത്തെക്കുറിച്ച് 21-3-1979-ൽ കോളനി നിവാസിയായ ഭക്തൻ എന്ന ആളും കൂട്ടരും ചന്ദ്രൻ, ഫിലിപ്പ്, തുടങ്ങിയവരുമായി ഒരടികലശൽ നടന്നു. ആ സംഭവത്തെക്കുറിച്ച് ആലപ്പുഴ നോർത്ത് പോലീസ് സ്റ്റേഷൻ ക്രൈം 97/79 സെക്ഷൻ 324/34 ഐ. പി. സി. ആയി ഒരു കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. അതിനെതുടർന്ന് ചന്ദ്രൻ, പ്രകാശൻ, ഫിലിപ്പ് തുടങ്ങിയവർ 28-3-1979 രാത്രിയിൽ പിന്നെയും ഈ ഭക്തന്റെ വീട് തീവച്ചു. ഇത് സംബന്ധിച്ച് ആലപ്പുഴ നോർത്ത് പോലീസ് സ്റ്റേഷൻ ക്രൈം 106 ആയി കേസെടുത്തു. കേസ് അന്വേഷണത്തിനായി ആലപ്പുഴ ഡി. വൈ. എസ്. പി. യും കൂട്ടരും സംഭവസ്ഥലത്തുചെന്നപ്പോഴാണ് ഈ പാപ്പിയുടെ വീട്ടിൽ പ്രതികൾ അക്രമിച്ചുകടന്ന് പത്മിനിയെ മാനഭംഗം ചെയ്യാൻ ശ്രമിച്ചതായുള്ള പരാതിയെപ്പറ്റി പറഞ്ഞത്. അന്നേ ദിവസം തന്നെ പോലീസ് ആ കാര്യത്തിൽ ക്രൈം 107 അനുസരിച്ച് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. സർ, മുകളിൽപ്പറഞ്ഞ കേസിലെ പ്രതികൾ സ്ഥലത്തെ സാമൂഹ്യവിരുദ്ധർ ആണെന്നുള്ളതിൽ സംശയമൊന്നുമില്ല.

LIBRARY ARCHIVES Kerala Legislative Assembly

ഇതിൽ ചന്ദ്രനെ അറസ്റ്റുചെയ്തു. ബാക്കിയുള്ളവരെ അറസ്റ്റ് ചെയ്യാൻ ഊർജ്ജിതമായ നടപടി നടന്നുവരികയാണ്. അപ്പോഴേ ഈ സംഭവത്തെ സംബന്ധിച്ചെല്ലാം പോലീസ് വളരെ വിജിലൻറായി കേസ് രജിസ്റ്റർ ചെയ്യുകയും നടപടികളെ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. പഴയ പല സംഭവങ്ങളും ഈ നോട്ടീസിനകത്തു പറയുന്ന കാര്യത്തിലുണ്ട്.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: സർ, ഇവിടെതന്നെ പ്രസിദ്ധീകരിച്ച ചില പത്രങ്ങളാണ് എന്റെ കൈയിലുള്ളത്. ''ഹരിജൻ യുവതികളുടെ നേരെ നടന്ന കൊടും ക്രൂരത'' കേരള കൗമുദി. ''ഇവിടത്തെ യുവതികളുടെ മാനം കശാപ്പുചെയ്യപ്പെടുന്നു'' മാതൃഭൂമി. ''അവലൂക്കുന്നിലെ ബസ്തി'' ദേശാഭിമാനി. സർ, ഇന്നത്തെ ഇൻഡ്യൻ എക്സ്പ്രസിൽ ''where sex and politics clashed'' എന്നുപറഞ്ഞുതുടങ്ങുന്നതിൽ ബൽച്ചിയും ബസ്തിയും ഒരുമിച്ച് കേരളത്തിൽ ആലപ്പുഴയിൽ നടക്കുന്നു എന്നാണ് പറഞ്ഞിട്ടുള്ളത്. ബൽച്ചിയെപ്പറ്റിയും ബസ്തിയെപ്പറ്റിയും ഒരുപാട് പ്രസംഗിച്ചിട്ടുള്ള ആളുകളാണ് നിങ്ങൾ. ആ ബൽച്ചിയിൽ ഉണ്ടായിട്ടുള്ള തീവയ്പ്പും കൊലപാതകവുമാണ്, ബസ്തിയിൽ ഉണ്ടായിട്ടുള്ള ബലാൽസംഗവുമാണ് നിങ്ങളുടെ ഭരണത്തിൻകീഴിൽ ആലപ്പുഴയിൽ ഒരു വാർഡിൽ നടന്നിരിക്കുന്നത്. പണ്ടെങ്ങാണ്ട് നടന്നു എന്ന നിലയിലാണ് ബഹുമാനപ്പെട്ട ആഭ്യന്തരമന്ത്രി പറഞ്ഞത്. തുടർച്ചയായിട്ടുള്ള ബലാൽസംഗം; നാല് പേർകൂടി ചേർന്ന് ഇങ്ങനെ പിടിച്ചുകൊണ്ടുപോയി – എല്ലാ വാക്കുകളും പറയുന്നില്ല, സ്ത്രീകളെ ഉള്ള സ്ഥലമായതുകൊണ്ട് – നാലുവശത്തും കാര കുത്തിനിറുത്തി നാല് പേർ ചേർന്ന് ബലാൽസംഗം നടത്തി. നാല് പേർ ചേർന്ന് ബലാൽസംഗം നടത്തിയാൽ പെണ്ണ് ജീവിച്ചിരിക്കുമോയെന്നൊക്കെ പറഞ്ഞ സ്ഥലമാണിവിടം. ഇത് പത്രങ്ങളിൽ വന്നിട്ടുള്ള കാര്യമാണ്. ദേശാഭിമാനിയിൽ ഒന്നുമല്ല. ഭരണകക്ഷിയുടെ പത്രത്തിൽതന്നെ വന്നിട്ടുള്ളതാണ്. അതിനുശേഷം നിരന്തരമായ ശല്യം ദിവസേനയെന്നപോലെ നടന്നുവരുന്നു അവർക്കെതിരായി എന്നുള്ളതിന്റെ തെളിവുകളെ പത്രക്കാർ കൊടുത്തിട്ടുണ്ട്.

സർ, ഇതിനെല്ലാം പുറമേ തന്റെ വീട്ടിൽ താമസിച്ച ഒരു പെൺകുട്ടിയെ വിട്ടുകൊടുത്തില്ലെന്നുള്ളതിന്റെ പേരിലാണ് ഭക്തന്റെ വീട് തീവച്ചത്. അവിടെ കളക്ടറും ഡി. എസ്. പി. യും എല്ലാം പോയി ബലാൽസംഗം ഒന്നും നടന്നില്ലെന്ന് പത്രക്കാരോട് പറഞ്ഞിരിക്കുന്നു. ബലാൽസംഗം നടന്നിട്ടില്ലെന്നും ബസ്തി അവിടെ ഉണ്ടായിട്ടില്ലെന്നും പറയാനുള്ള കരുതിക്കൂട്ടിയുള്ള അന്തരീക്ഷം അവിടെ ഉണ്ടാക്കിയിരിക്കുന്നു. സർ, ഈ സ്ത്രീയെ കല്ല്യാണം കഴിക്കാൻ നിശ്ചയിച്ചിരുന്ന ചെറുപ്പക്കാരൻ ഈ വിവരം അറിഞ്ഞതിനാൽ അയാളെ പോയി. ഇനി മറ്റാരെങ്കിലും ഈ സ്ത്രീയെ കല്യാണം കഴിക്കുമോയെന്ന കാര്യവും സംശയമാണ്. 10, 160 പേർ താമസിക്കുന്ന ഈ ഉള്ളാളർ കോളനിയിൽ ഈ പാവപ്പെട്ടവർക്ക് ജീവിക്കാൻ നമ്മുടെ കേരളത്തിൽ സാധിക്കുന്നില്ല. ഹരിജനങ്ങളുടെ കാര്യത്തിൽ ബൽച്ചിയിൽ നടന്നതിനെപ്പറ്റി പറയാൻ നാക്കുകളെ പൊന്തിക്കുന്ന ഭരണകക്ഷിയിലെ ആളുകളുടെ മുമ്പിൽ ബൽച്ചിയും ബസ്തിയും ഒരുമിച്ച് നടക്കുന്നു. ഇതിനെതിരായി ശക്തിയായ നടപടിയെടുക്കണം.. ഈ സഭയിലെ എല്ലാ കക്ഷികളുടെയും പ്രതിനിധികളെ അടങ്ങുന്ന ഒരു പ്രതിനിധിസംഘത്തെക്കൊണ്ട് ഇതിനെപ്പറ്റി അന്വേഷിച്ച് ആ അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നടപടിയെടുക്കുകയും അവിടത്തെ ഹരിജനങ്ങൾക്കും മറ്റാളുകൾക്കും സൈര്യമായി ജീവിക്കാനുള്ള സൗകര്യം ഉണ്ടാക്കുകയും ചെയ്യണം. അതുകൊണ്ട് ഈ കാര്യം ചർച്ചചെയ്യണമെന്നാണ് പറയുന്നത്. എല്ലാ ഹരിജൻ കോളനികളിലും നടക്കുന്ന ഒരു സംഭവമാണ്

LIBRARY ARCHIVES Kerala Legislative Assembly

സർ ഇത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ മണ്ഡലത്തിൽ ഉൾപ്പെടുന്ന ഒരു സ്ഥലമാണ് ഇതെന്നുള്ളതുകൊണ്ട് കൂടുതൽ ഉത്തരവാദിത്വം അദ്ദേഹത്തിനു ഈ കാര്യത്തിലുണ്ട്. അതുകൊണ്ട് സർവ്വകക്ഷി അന്വേഷണ കമ്മീഷനെ അയച്ച് റിപ്പോർട്ട് വരുത്തി അതിന്റെ അടിസ്ഥാനത്തിൽ തീരുമാനമെടുത്ത് പാവപ്പെട്ട ഹരിജനങ്ങൾക്ക് ഈ രാജ്യത്ത് സൈ്വരമായി ജീവിക്കാൻ സാധിക്കുമെന്ന് ഉറപ്പുവരുത്തണം. അതുകൊണ്ട് ഈ പ്രമേയം ചർച്ചചെയ്യണം.

ശ്രീ. കെ. എം. മാണി: സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ ദുസ്സൂചനയെ ഞാൻ നിഷേധിക്കുകയാണ്. എന്താണ് ബസ്തിയിൽ നടന്നത്. ബസ്തിയിൽ നടന്നത് ബലാൽസംഗമാണ്.

(ബഹളം)

ബൽച്ചിയിൽ നടന്ന കൂട്ടക്കൊലയെ സംബന്ധിച്ചിടത്തോളം നടപടി സ്വീകരിക്കാൻ പോലീസ് അറച്ചുനിൽക്കുകയും..... .....

(ബഹളം)

.....അവിടെ അറച്ചു. അങ്ങനെയുള്ള സംഭവമാണ് അവിടെ ഉണ്ടായത്. അവിടെ ഐ. പി. എസ്. ഉദ്യോഗസ്ഥമാർ, ഐ. എ. എസ്. ഉദ്യോഗസ്ഥൻമാർ വരെ ഏറ്റവും വലിയ ഈ കാര്യം മൂടിവെക്കാൻ ശ്രമം നടന്നു.

(ബഹളം)

സർ, ഞാൻ ഈ നോട്ടീസിനു മറുപടിപറഞ്ഞപ്പോൾ വളരെ വ്യക്തമായി പറഞ്ഞു.....

(ശ്രീ. എം. വി. രാഘവൻ എഴുന്നേറ്റുനിന്ന് പലതും വിളിച്ചു പറഞ്ഞുകൊണ്ടിരുന്നു)

മി. സ്പീക്കർ: ബഹുമാനപ്പെട്ട മെമ്പർ ഈ വിധത്തിൽ ഇൻറർഫീയർ ചെയ്യുകയാണെങ്കിൽ വളരെ ബുദ്ധിമുട്ടാകും.

(ബഹളം)

ഓർഡർ, ഓർഡർ, ഞാൻ ഒരുഭാഗത്തുള്ള കാര്യം മാത്രമല്ല പറയുന്നത്, എല്ലാവരോടുമാണ് പറയുന്നത്. നിങ്ങൾ സഭയിൽ ആചരിക്കേണ്ട ക്രമം ആചരിച്ചില്ലെങ്കിൽ അതു ബുദ്ധിമുട്ടാണെന്ന കാര്യം വ്യസനപൂർവ്വം ഞാൻ അറിയിക്കുകയാണ്.

ശ്രീ. കെ. എം. മാണി: സർ, ഞാൻ പറഞ്ഞുവന്നത്.....

ശ്രീ. എം. വി. രാഘവൻ: ബലാൽസംഗം നടന്നിട്ടുണ്ടോ?

(സഭയിൽ ബഹളം)

മി. സ്പീക്കർ: ഓർഡർ, ഓർഡർ. മി. രാഘവൻ, ദയവുചെയ്ത് മന്ത്രിക്കു മറുപടിപറയാനുള്ള അവസരം കൊടുക്കണം.

ശ്രീ. കെ. എം. മാണി: സർ, ഞാൻ ഇവിടെ പറഞ്ഞത് ബസ്തിപോലെയല്ല, ഇവിടെ ഒരു സംഭവം നടന്നതിൽ പോലീസ് വളരെ നിഷ്ഠയോടുകൂടി കേസ് രജിസ്റ്റർചെയ്യുകയും പ്രതികളെ അറസ്റ്റുചെയ്യുകയും കേസന്വേഷണം നടത്തുകയും ചെയ്തിട്ടുണ്ട്. ഈ സാഹചര്യത്തിൽ കേരളത്തിൽ.....

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. വി. രാഘവൻ: ബസ്തിയിലും പോലീസ് കേസ് എടുത്തിട്ടുണ്ട്.

ശ്രീ. കെ. എം. മാണി: സർ, ഇവിടെ ഹരിജനമർദ്ദനംനടക്കുന്നു, ബലാൽസംഗം നടക്കുന്നു, തീവെയ്പുകൂം നടക്കുന്നു എന്നുള്ള ദുഷ്പ്രചരണം നടത്തുന്നതിനുവേണ്ടിയാണ്.....

(പ്രതിപക്ഷ ബഞ്ചുകളിൽ ബഹളം)

ശ്രീ. എം. വി. രാഘവൻ: സർ, കള്ളം പറയുന്നതിനും ഒരതിരു വേണ്ടേ?

മി. സ്പീക്കർ: ഓർഡർ, ഓർഡർ, ദയവായി ആ വാക്ക് പിൻവലിക്കണം.

ശ്രീ. കെ. എം. മാണി: വാക്കൗട്ടുനടത്തുന്നതിനുമുൻപ് ഒരു ബഹളമുണ്ടാക്കണമെങ്കിൽ ഉണ്ടാക്കിക്കോ. സർ, കേരളത്തിൽ.....

ശ്രീ. എം. വി. രാഘവൻ: ചങ്ങാതി ഹരിജനങ്ങളുടെ വോട്ടുവാങ്ങിയിട്ടല്ലേ പറയുന്നത്?

(പ്രതിപക്ഷ ബഞ്ചുകളിൽ ബഹളം)

ശ്രീ. കെ. എം. മാണി: എന്താ സർ, ഇത്?

ശ്രീ. എം. വി. രാഘവൻ: അമ്മപെങ്ങൻമാർക്ക് ജീവിക്കാൻ വയ്യാതായിരിക്കുന്നു. എന്നിട്ട് അവരുടെ വോട്ടുവാങ്ങി വന്നിരിക്കുന്നു!

മി. സ്പീക്കർ: മി. രാഘവൻ, കുറെക്കൂടി മര്യാദയായി പെരുമാറണം. ഈ പ്രവൃത്തി ശരിയല്ല.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: സർ, മുഖ്യമന്ത്രിക്ക് എന്താണിക്കാര്യത്തിൽ പറയാനുള്ളത് എന്നറിയണം.

മി. സ്പീക്കർ: മുഖ്യമന്ത്രിയല്ല ആഭ്യന്തര മന്ത്രിയാണ് മറുപടി പറയുന്നത്.

ശ്രീ. കെ. എം. മാണി: മുഖ്യമന്ത്രിയുടെ നിയോജക മണ്ഡലമാണെന്നുപറഞ്ഞു ഒരു പ്രത്യേക ചർച്ച നടത്തുന്നതിന്റെ അർത്ഥമെന്താണെന്നു മനസ്സിലാകുന്നില്ല. ഈ കാര്യത്തിൽ പോലീസ് ആത്മാർത്ഥമായ നടപടി സ്വീകരിച്ചിട്ടുണ്ട്. ഇങ്ങനെയുള്ള സംഭവങ്ങൾ ഈ രാജ്യത്തുണ്ടാകരുത് എന്നുള്ളതിൽ ഗവൺമെന്റിനു വളരെ നിർബന്ധമുണ്ട്. കേരളത്തിലെ ഹരിജനങ്ങൾക്കെതിരായി ആര് എന്തു ചെയ്താലും, ഏതു കേസിനേക്കാളും കൂടുതൽ ശ്രദ്ധയോടുകൂടി അതു കൈകാര്യം ചെയ്യുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്. മറ്റ് ഏതൊരു സംസ്ഥാനത്തേക്കാളും ഭദ്രമാണ് ഈ സംസ്ഥാനത്തെ ഹരിജനങ്ങളുടെ നില എന്നു ഞാൻ ഓർത്തുപോകുകയാണ്. ഏതന്വേഷണത്തിനും ഞങ്ങൾ ഒരുക്കമാണ്. ഇതു തുറന്ന പുസ്തകമാണ്. ആർക്കുവേണമെങ്കിലും പരിശോധിക്കാം. എവിടെ വേണമെങ്കിലും ചർച്ചചെയ്യാം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. കെ. രാമകൃഷ്ണൻ: കളക്ടറും ഡി. എസ്. പി. യും ബലാൽസംഗം നടന്നിട്ടില്ലെന്നാണ് പറയുന്നത്. എന്നിട്ട് പോലീസ് കേസെടുത്തു എന്നുപറയുന്നതിൽ എന്തർത്ഥമാണ്? ആലപ്പുഴ പട്ടണത്തിലെ കളക്ടറും മറ്റും ഇരിക്കുന്നതിന് ഒരു കിലോമീറ്റർ ദൂരത്തിൽ ഹരിജനങ്ങളെ നിരന്തരമായി ബലാൽസംഗം ചെയ്യുമ്പോഴും ഇല്ലെന്നുപറയുന്നതിനെ മന്ത്രി ന്യായീകരിക്കുകയല്ലേ ചെയ്യുന്നത്.

ശ്രീ. കെ. എം. മാണി: നിയമത്തിൽ ബലാൽസംഗത്തിന് ചില വ്യാഖ്യാനങ്ങളും നിർവ്വചനങ്ങളും ഉണ്ട്.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: ബലാൽസംഗം എന്നുള്ളതിന് നിയമത്തിൽ എന്തൊക്കെയാണു വ്യാഖ്യാനം?

(പ്രതിപക്ഷ ബഞ്ചുകളിൽ ബഹളം)

മി. സ്പീക്കർ: ഓർഡർ, ഓർഡർ. ബഹുമാനപ്പെട്ട മന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ഈ അടിയന്തിര പ്രമേയത്തിന് അനുമതി നിഷേധിച്ചിരിക്കുന്നു.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: സർ, ഹരിജനങ്ങളെ തുടർച്ചയായി ബലാൽസംഗം ചെയ്തിട്ടും അതെപ്പറ്റി അന്വേഷിക്കുകയില്ല, കളക്ടറും ഡി. എസ്. പി. യും പറയുന്നുണ്ട് ബലാൽസംഗം നടന്നിട്ടില്ല എന്ന്....

മുഖ്യമന്ത്രി (ശ്രീ. പി. കെ. വാസുദേവൻ നായർ:) സർ, ഏതുതരത്തിലുള്ള അന്വേഷണത്തിനും തയ്യാറാണെന്നാണ് മന്ത്രി പറഞ്ഞുനിറുത്തിയത്; എന്നിട്ടും അന്വേഷണം നടത്തുകയില്ലെന്നുപറഞ്ഞു, എന്നുപറഞ്ഞിട്ട് ഇറങ്ങിപ്പോകേണ്ട.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: ഹരിജനങ്ങളെ തുടർച്ചയായി മർദ്ദിക്കുകയും ബലാൽസംഗം ചെയ്യുകയുംചെയ്തിട്ടും ഈ ഗവൺമെന്റ് സ്വീകരിച്ചിരിക്കുന്ന ഈ നടപടിയിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ടു നടത്തുന്നു. (മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റു പാർട്ടി അംഗങ്ങൾ സഭയിൽനിന്നും ഇറങ്ങിപ്പോയി. കൂടാതെ ജനതാപാർട്ടി, പ്രതിപക്ഷ മുസ്ലീംലീഗ് എന്നീ കക്ഷികളിൽപ്പെട്ട അംഗങ്ങളും സഭയിൽനിന്നും ഇറങ്ങിപ്പോയി.)

ശ്രീ. കെ. കരുണാകരൻ: സർ, ഈ കാര്യത്തിൽ അന്വേഷണം നടത്താൻ തയ്യാറാണെന്ന് ഗവൺമെന്റു പറഞ്ഞു. ഒരന്വേഷണത്തിന് ഉടനെ ഉത്തരവ് പുറപ്പെടുവിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

III. ശ്രദ്ധ ക്ഷണിക്കൽ

റാന്നി ഫോറസ്റ്റു റേഞ്ചുകളിലെ മലയോര കർഷകരുടെ ബുദ്ധിമുട്ടുകൾ

ശ്രീ. കെ. എ. മാത്യു: സർ, റാന്നി ഫോറസ്റ്റ് ഭൂവിഭാഗത്തിൽ താമസിക്കുന്ന മലയോര കർഷകർ അനുദിനമെന്നോണം താഴെക്കിടയിലുള്ള വനംവകുപ്പുദ്യോഗസ്ഥൻമാരുടെ പീഡനങ്ങൾക്കു വശംവദരായിക്കൊണ്ടിരിക്കുകയാണ്. അനധികൃതമായ കൈയേറ്റം ഒഴിപ്പിക്കൽ എന്ന പേരിൽ ഇവർ കാട്ടിക്കൂട്ടുന്ന ക്രൂര വിനോദം ആരുടേയും കരളലയിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly